**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2525300 , 2332120, 2338487

**വിജ്ഞാപനം**

**KEAM - 2025**

**ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ്**
**&**
**ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധകോഴ്സുകളിലേയ്ക്കുള്ള നാലാംഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ്**

**പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ അവസരം**

2025-26 അദ്ധ്യയന വർഷത്തെ ബി.ഡി.എസ് കോഴ്സുകളുടെ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റും , ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി നാലാംഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റും നടത്തുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് **15.12.2025, 01.00 PM വരെ** ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. 11.12.2025-ലെ വിജ്ഞാപന പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്കും ആയുഷ് കോഴ്സുകൾക്കുള്ള ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാം. എന്നിരുന്നാലും പുതുക്കിയ കേരള സ്റ്റേറ്റ് മെറിറ്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളെ മാത്രമേ ആയുഷ് അലോട്ട്മെന്റിനായി പരിഗണിക്കുകയുള്ളൂ.

ഓൺലൈൻ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ അവരുടെ ഹോം പേജിൽ പ്രവേശിച്ച് 'Option Registration' എന്ന മെനു ക്ലിക്ക് ചെയ്ത് ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രക്രിയയിൽ ഉണ്ടാകാനിടയുള്ള ഒഴിവുകളും ഈ ഘട്ടത്തിൽ തന്നെ നികത്തപ്പെടുമെന്നതിനാൽ താത്പര്യമുള്ള എല്ലാ കോളേജിലേയ്ക്കും, കോഴ്സിലേയ്ക്കും ഓപ്ഷൻ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. അലോട്ട്മെന്റ് നടക്കാത്ത കാറ്റഗറി സീറ്റുകൾ ഈ അവസരത്തിൽ convert ചെയ്യപ്പെടും. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടും എന്ന് ഉറപ്പുള്ള കോളേജുകളിൽ/കോഴ്സുകളിൽ മാത്രം ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

01.12.2025 തീയതിയിലെ Lr.No. DME/1/2025-BI പ്രകാരം ഈ ഘട്ടത്തിൽ സെഞ്ചുറി ഡെന്റൽ

കോളേജിലേക്കും ഓപ്ഷൻ നൽകാവുന്നതാണ്. എന്നാൽ മേൽ കോളേജിലെകുള്ള അലോട്ട്മെന്റ് സർകാർ ഉത്തരവിന് വിധേയമായിരിക്കും. ജനറൽ വിഭാഗത്തിലുള്ളവർക് 3,30,940/- രൂപയും NRI വിഭാഗക്കാർക് 6,00,000/- രൂപയുമാണ് താത്കാലിക ഫീസായി നിശ്ചയിച്ചിരിക്കുന്നത്. AFRC/ സർകാർ നിശ്ചയിക്കുന്ന 2025-26 അധ്യാന വർഷത്തെ ഫീസ് താത്കാലിക ഫീസിനെക്കാൾ കൂടുതലാണെങ്കിൽ അത് ഒടുക്കാൻ വിദ്യാർത്ഥികൾ ബാധ്യസ്ഥരായിരിക്കും. അസീസിയ ഡെൻറൽ കോളേജിലെ ഒഴിവുള്ള സീറ്റിലേക്കുള്ള അലോട്മെൻറ് കോടതി ഉത്തരവുകൾക് വിധേയമായിരിക്കും

**രജിസ്ട്രേഷൻ ഫീസ്**

സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് താഴെ പറയും പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് ബാധകമായിരിക്കും.

- സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ ഗവ. കോളേജ് കോഴ്സുകളിൽ മാത്രം ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികൾ രജിസ്ട്രേഷൻ ഫീസായി **5,000/- രൂപ** പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- ഗവ. കോളേജ് കോഴ്സുകളിലും സ്വാശ്രയ കോളേജ് കോഴ്സുകളിലും ഓപ്ഷൻ നൽകുന്ന വിദ്യാർ ത്ഥികൾ **15,000/- രൂപ** രജിസ്ട്രേഷൻ ഫീസായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യതൊഴിലാളികളുടെ മക്കൾ/ OEC യ്ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ /20.06.2005 തീയതിയിലെ G.O(MS)No.25/2005/SCSTDD, G.O(MS)No.10/20148/BCDD തീയതി 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്ര ഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവയിലെ വിദ്യാർ ത്ഥികളും **5000/- രൂപ** രജിസ്ട്രേഷൻ ഫീസായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. എന്നാൽ ഇത്തരം വിദ്യാർത്ഥികൾ സ്വാശ്രയ കോളേജുകളിലെ എൻ.ആർ.ഐ./മൈനോരിറ്റി/മാനേജ്മെൻറ് സീറ്റുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുകയാണെങ്കിൽ മേൽ ഖണ്ഡിക പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. കൂടാതെ, അലോട്മെൻറ് ലഭിക്കുന്ന പക്ഷം ട്യൂഷൻ ഫീസ് ഇളവിന് അർഹരല്ലാതായിത്തീരും
- പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റ് മുഖേന പ്രവേശനം നേടുകയും നിശ്ചിത തീയതിക്കുള്ളിൽ വിടുതൽ വാങ്ങുകയും ചെയ്ത വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച തുക രജിസ്ട്രേഷൻ ഫീസിനെക്കാൾ അധികമാണെങ്കിൽ രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടതില്ല. എന്നാൽ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച തുക രജിസ്ട്രേഷൻ ഫീസിനെക്കാൾ കുറവാണെങ്കിൽ ബാക്കി തുക അടയ്ക്കേണ്ടതാണ്.
- പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'കാൻഡിഡേറ്റ് പോർട്ടൽ'** വഴി ലോഗിൻ ചെയ്യുമ്പോൾ ലഭ്യമാകുന്ന രജിസ്ട്രേഷൻ പേജിൽ വിദ്യാർത്ഥികൾ നൽകുന്ന വിവരങ്ങൾക്കനുസരിച്ച് അവരവർക്ക് ബാധകമായ രജിസ്ട്രേഷൻ ഫീസ് നിശ്ചയിക്കപ്പെടുന്നതാണ്. സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ ബാധകമായ രജിസ്ട്രേഷൻ ഫീസ് ഒടുക്കിയതിനുശേഷം മാത്രമേ വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളു. ഒരിക്കൽ രജിസ്ട്രേഷൻ ഫീസ് അടച്ചു കഴിഞ്ഞാൽ പിന്നീട് രജിസ്ട്രേഷൻ ഫീസിൽ ഒരു തരത്തിലുള്ള മാറ്റവും അനുവദിക്കുന്നതല്ല. ആയതിനാൽ രജിസ്ട്രേഷൻ ഫീസ് നിശ്ചയിക്കുന്നതിനായി വിവരങ്ങൾ നൽകുമ്പോൾ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- ഗവൺമെന്റ് ഡെൻറൽ കോളേജുകളിൽ സ്പെഷ്യൽ സ്ട്രേ വേക്കൻസി അലോട്ട്മെന്റ്

ലഭിക്കുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ തുക അലോട്ട്മെന്റ് ലഭിച്ച കോഴ്സുകളുടെ ഫീസിനത്തിൽ വകയിരുത്തുന്നതാണ്. സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ് പ്രവേശന നടപടികൾ അവസാനിച്ചശേഷം തിരികെ നൽകുന്നതാണ്. സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്നവരുടെ രജിസ്ട്രേഷൻ ഫീസ് അഡ്മിഷൻ നടപടികൾ പൂർത്തിയായ ശേഷം തിരികെ നൽകുന്നതാണ്.

- ആയുഷ് & അലൈഡ് കോഴ്സുകളിലെക് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ തുക അലോട്ട്മെന്റ് ലഭിച്ച കോഴ്സുകളുടെ ഫീസിനത്തിൽ വകയിരുത്തുന്നതാണ്. അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ് പ്രവേശന നടപടികൾ അവസാനിച്ച ശേഷം തിരികെ നൽകുന്നതാണ്.

- സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ചശേഷം നിശ്ചിത തീയതിക്കുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെയോ മുൻ അലോട്ട്മെന്റിലൂടെയോ പ്രവേശനം നേടിയശേഷം വിടുതൽ വാങ്ങുന്ന വിദ്യാർത്ഥികളുടെയും അവരവർക്ക് ബാധകമായ രജിസ്ട്രേഷൻ ഫീസ് പെനാൽറ്റിയായി കണക്കാക്കുന്നതും തിരികെ നൽകുന്നതുമല്ല. കൂടാതെ ഇത്തരം വിദ്യാർത്ഥികളിൽ നിന്നും പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം പിഴ ഈടാക്കുന്നതുമാണ്.

- അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജിലേയ്ക്കും, കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

**<u>താത്ക്കാലിക അലോട്ട്മെന്റ് ഷെഡ്യൂൾ</u>**

| | |
|---|---|
| 12.12.2025 | ബിഡിഎസ് / ആയുഷ് & മെഡികൽ അലൈഡ് ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിക്കുന്നു. |
| 15.12.2025, 01.00 PM | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| 15.12.2025 | താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 16.12.2025 | അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 17.12.2025 to 19.12.2025, 4.00 PM | അലോട്ട്മെന്റ് മേമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ ബാക്കി തുക (ബാധകമെങ്കിൽ) ഒടുക്കി അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ പ്രവേശനം നേടാനുള്ള സമയം |
| 19.12.2025, 5.00 PM | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ OAMS മുഖേന അപ്ഡേറ്റ് ചെയ്യാനുള്ള സമയം |

**<u>ബിഡിഎസ്</u> സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ**

- മൂന്നാംഘട്ട/ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ ലഭിച്ചിട്ടുള്ളവർക്ക് ബിഡിഎസ് സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
- മുൻഘട്ടങ്ങളിലെ അലോട്ട്മെന്റുകളെ തുടർന്ന് പ്രവേശനം നേടിയ കോളേജിൽ നിന്നും 28.10.2025 വൈകുന്നേരം 5.00 മണിക്ക് ശേഷം വിടുതൽ വാങ്ങിയവർക്ക് ബിഡിഎസ്

സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

- സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ ലഭിക്കുന്ന സീറ്റുകളിൽ പിന്നീട് യാതൊരു കാരണവശാലും മാറ്റം അനുവദിക്കുന്നതല്ല.
- മുൻ ഘട്ടങ്ങളിൽ അലോട്ട്മെന്റ് ലഭിക്കുകയും ഇപ്പോഴും പ്രവേശനത്തിൽ തുടരുന്നതുമായവർക്ക് ബിഡിഎസ് സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല. ആയുഷ് കോഴ്സുകളുടേ അന്തിമ ഘട്ട അലോട്മെന്റ് ആയതിനാൽ നിലവിൽ അഡ്മിഷനിൽ തുടരുന്ന ആയുഷ്- അലൈഡ് കോഴ്സുകളിലെ വിദ്യാർഥികൾക്കും വിടുതൽ നേടാത്തപക്ഷം ബിഡിഎസ് സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
- അഖിലേന്ത്യാ ക്വോട്ടാ കൗൺസിലിംഗിൽ പങ്കെടുത്തിട്ടുള്ളവരുടെ Allotted Candidate ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ അവർ ഓപ്ഷൻ രജിസ്റ്റർ ചെയ്തിരുന്നാൽപ്പോലും ബിഡിഎസ് സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.

**<u>ആയുഷ്/മെഡിക്കൽ അനുബന്ധ കോഴ്സുകളുടേ നാലാം ഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ</u>**

- മൂന്നാംഘട്ട അലോട്ട്മെന്റ്/ഒന്നാംഘട്ട സ്ട്രേ അലോട്ട്മെന്റ്/രണ്ടാംഘട്ട സ്ട്രേ അലോട്ട്മെന്റ്/ മൂന്നാംഘട്ട സ്ട്രേ അലോട്ട്മെന്റ് ലഭിച്ചിട്ടും ജോയിൻ ചെയ്യാത്തവർക്ക് നാലാംഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

- മുൻ ഘട്ടങ്ങളിൽ അലോട്ട്മെന്റ് ലഭിക്കുകയും ഇപ്പോഴും പ്രവേശനത്തിൽ തുടരുന്നതുമായവർക്ക് നാലാംഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

- AACCC നൽകിയ INELIGIBLE LIST-ൽ ഉൾപ്പെട്ടവരെ നാലാംഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ നിന്നും ഒഴിവാക്കുന്നതാണ്.

- സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ ലഭിക്കുന്ന സീറ്റുകളിൽ പിന്നീട് യാതൊരു കാരണവശാലും മാറ്റം അനുവദിക്കുന്നതല്ല.

- 24.10.2025, 5.00 PM നു ശേഷം വിടുതൽ വാങ്ങിയവർക് നാലാംഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം

12-12-2025

Signed by
Arun S Nair
Date: 12-12-2025 17:02:09

**പ്രവേശന പരീക്ഷാ കമ്മീഷണർ**